പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2178.

15.7.2011 -ൽ മറുപടിക്ക്

## ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ നിർദ്ദേശങ്ങൾ

| ചോദ്യം<br>ശ്രീമതി.കെ.എസ്.സലീഖ | | മറുപടി.<br>ശ്രീ. പി.കെ.അബ്ദുറബ്ബ്<br>ബഹു.വിദ്യാഭ്യാസ വകുപ്പുമന്ത്രി | |
|---|---|---|---|
| (എ) | വിവിധ സർവ്വകലാശാലകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും, സർക്കാരിന് ഉന്നത വിദ്യാഭ്യാസത്തെ സംബന്ധിച്ച് വിദഗ്ദ്ധ ഉപദേശം നൽകുന്നതിനും, പരിഷ്ക്കാരങ്ങൾ നിർദ്ദേശിക്കുന്നതിനും ഡോ.കെ.എം.പണിക്കരുടെ നേതൃത്വത്തിലുണ്ടായിരുന്ന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ നിർദ്ദേശങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ; | (എ യും ബി യും.) | ഉന്നതവിദ്യാഭ്യാസ രംഗത്ത് പരിഷ്ക്കരണം സംബന്ധിച്ച് ഉന്നതവിദ്യാഭ്യാസ കൗൺസിൽ സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുള്ള പഞ്ചവത്സര പ്രവർത്തനപരിപാടി സംബന്ധിച്ച വിശദമായ വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. നിർദ്ദേശങ്ങൾ പരിഗണിക്കുന്നതു സംബന്ധിച്ച് സർക്കാർ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല. |
| (ബി) | എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ? | | |

സെക്ഷൻ ഓഫീസർ.

അനുബന്ധം

**ഉന്നത വിദ്യാഭ്യാസ രംഗത്ത് പരിഷ്ക്കരണം സംബന്ധിച്ച് ഉന്നതവിദ്യാഭ്യാസ കൗൺസിൽ സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുള്ള പഞ്ചവത്സര പ്രവർത്തന പരിപാടി സംബന്ധിച്ച വിശദവിവരങ്ങൾ.**

1 . സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉല്പാദനത്തിന്റെ (SGDP) 6%വും സംസ്ഥാന ബഡ്ജറ്റിന്റെ 30%വും വിദ്യാഭ്യാസത്തിനായി വകയിരുത്തുക.

2. നിശ്ചിത പ്രായപരിധിയിലുള്ള 30% പേർക്കെങ്കിലും വിവിധ മേഖലകളിൽ സാങ്കേതിക വിദ്യാഭ്യാസമടക്കമുള്ള ഉന്നത വിദ്യാഭ്യാസം നൽകുംവിധം വിദ്യാഭ്യാസ സൗകര്യങ്ങൾ വികസിപ്പിക്കുകയും, വൈവിധ്യവൽക്കരിക്കുകയും ചെയ്യുക.

3. സ്വാശ്രയമേഖലയിൽ സഹകരണസ്ഥാപനങ്ങൾക്കും സർക്കാർ നിയന്ത്രിതസ്ഥാപനങ്ങൾക്കും പ്രാമുഖ്യം നൽകുക.

4. സ്വകാര്യ ആസ്തികൾ പൊതു ഉപയോഗത്തിന് ഉതകുംവിധം പൊതു സ്വകാര്യ പങ്കാളിത്തം നടപ്പാക്കാവുന്ന താണ്.

5. നിലവിലുള്ള എല്ലാ അദ്ധ്യാപക ഒഴിവുകളും നികത്തുന്നതിന് മുന്തിയ പരിഗണന നൽകുക.

6. എല്ലാ സർവകലാശാലകളിലും അക്കാദമിക് സ്റ്റാഫ് കോളേജുകൾ ആരംഭിക്കുക.

7. അദ്ധ്യാപക നിയമനത്തിന് കോളേജ് സർവീസ് കമ്മീഷൻ സ്ഥാപിക്കുക.

8.സർവകലാശാലകൾ വഴികേന്ദ്രീകൃതപ്രവേശനസമ്പ്രദായംനടപ്പിലാക്കുക.

9. നിലവിലുള്ള സ്ഥാപനങ്ങളിലെ അടിസ്ഥാനസൗകര്യങ്ങൾ നവീകരിക്കുക. വിദ്യാഭ്യാസസ്ഥാപനങ്ങളിൽ വിവര സാങ്കേതിക വിദ്യയുടെ ഉപയോഗം വർദ്ധിപ്പിക്കുക.

10. സർക്കാർ, എയ്ഡഡ്, അൺ എയ്ഡഡ് കോളേജുകളുടെ നടത്തിപ്പിന് പ്രത്യേക സ്ഥലസൗകര്യങ്ങളും ഭരണസംവിധാന ങ്ങളും സൃഷ്ടിക്കുക.

11. പാഠ്യപദ്ധതിയും, സിലബസ്സും നിരന്തരമായി പരിഷ്കരിക്കുക. ഗ്രേഡിംഗ്, സെമസ്റ്റർ, ക്രഡിറ്റ്, ആന്തരിക തുടർമൂല്യനിർണ്ണയം എന്നീ

സമ്പ്രദായങ്ങളും വിദ്യാർത്ഥികളുടെ പ്രതികരണങ്ങളും നിരന്തര അവലോകനത്തിന് വിധേയമാക്കുക.

12. സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളും സംസ്ഥാനത്തിനുപുറത്തും വിദേശത്തുമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളും തമ്മിൽ അക്കാദമികതലത്തിലുള്ള സഹകരണത്തിന് അവസരങ്ങളുണ്ടാക്കുക.

13. വിവരാവകാശ നിയമം എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും നടപ്പാക്കുക.

14. സംസ്ഥാനതലത്തിൽ ഉന്നതവിദ്യാഭ്യാസ വിവര സഞ്ചിതനിധി (ഡേറ്റാ ബാങ്ക്) സ്ഥാപിക്കുക.

15. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി കോളേജ് ക്ലസ്റ്ററുകൾ സ്ഥാപിക്കുക. അവയ്ക്ക് പടിപടിയായി സ്വയംഭരണാധികാരം നൽകികൊണ്ട് കാലാന്തരത്തിൽ സർവകലാശാലകളായി പരിണമിക്കുന്നതിന് അവസര മൊരുക്കുക.

16. ഒരു ഓപ്പൺ സർവകലാശാല ആരംഭിച്ച് വിദൂര വിദ്യാഭ്യാസം/പ്രൈവറ്റ് രജിസ്ട്രേഷൻ/ തുടർവിദ്യാഭ്യാസം എന്നിവ മറ്റു സർവകലാശാലകളിൽ നിന്നും വേർപെടുത്തുക.

17. വിപുലമായ സ്കോളർഷിപ്പ് പദ്ധതികളും പലിശരഹിത വിദ്യാഭ്യാസ വായ്പകളും അനുവദിച്ചുകൊണ്ട് ഉന്നത വിദ്യാഭ്യാസ രംഗത്തെ പ്രാപ്യതയും ഗുണമേന്മയും വർദ്ധിപ്പിക്കാൻ അവസരമൊരുക്കുക.

18. ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഭരണസംവിധാനം ധൈഷണികമായി തെളിവേറിയതും ദിശാബോധവും സാമൂഹികമായ ഉത്തരവാദിത്തവും ഉള്ളതാക്കത്തക്കവിധം സർവകലാശാല നിയമങ്ങൾ പരിഷ്ക്കരിക്കുക.

19. വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും അനദ്ധ്യാപ കരുടെയും ജനാധിപത്യപരവും സംഘടനാപരവുമായ അവകാശങ്ങൾ സംരക്ഷിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുക.

Sd/-
Section officer,
Higher Education (C) Dept